2003 ലാന റീജണൽ കൺവൻഷനും സാഹിത്യ ശിബിരവും ജൂലൈ 4, 5, 6 തീയതികളിൽ ന്യൂയോർക്കിലെ, എൻ.പി. മുഹമ്മദ് നഗർ എന്നു നാമകരണം ചെയ്ത, എല്മോണ്ട് കേരളസെന്ററിൽ നടന്നു. പീറ്റർ നീണ്ടൂരായിരുന്നു ചെയർമാൻ. "ഉത്തര നവകൊളോണിയൽ സാഹിത്യം"--ജയൻ കെ.സി., "നമ്മുടെ നിരൂപണസാഹിത്യം ഒരു വഴിത്തിരിവിൽ"--എം.ടി. ആന്റണി, "പരസ്പരപൂരകങ്ങളായ എഴുത്തുകാരും മാധ്യമങ്ങളും അനുവാചകരും"--സിനി പണിക്കർ, "രചനയുടെ അവസ്ഥാന്തരങ്ങളും ദിശാബോധവും"--പ്രൊഫ. കോശി തലയ്ക്കൽ എന്ന പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു. അക്ഷരശ്ലോകവും കവിസമ്മേളനവും നടന്നു. പൊതു സമ്മേളനത്തിൽ ഫൊക്കാന പ്രസി. ജോർജ്ജ് കോശി, വേൾഡ് മലയാളി കൗൺസിൽ പ്രസി. അലക്സ് കോശി എന്നിവർ പങ്കെടുത്തു. പുസ്തക പ്രകാശനം, സ്റ്റീഫൻ ഇടപ്പാറയുടെ കഥാപ്രസംഗം, ലാലിന്റെ മിമിക്രി, മറ്റു കലാപരിപാടികൾ, അത്താഴവിരുന്ന് എന്നിവയും ഉണ്ടായിരുന്നു. കൺവൻഷനിൽ മിച്ച ബജറ്റ് കാണിച്ച്, കണക്ക് എല്ലാവർക്കും അയച്ചുകൊടുത്ത്, പീറ്റർ നീണ്ടൂർ മാതൃക കാട്ടി.

2004 ലാനയുടെ പ്രഥമ കേരള കൺവൻഷൻ വൈക്കം മുഹമ്മദ് നഗർ എന്നു പേരിട്ട തിരുവനന്തപുരത്തുള്ള പങ്കജ് ഹോട്ടലിൽ ജനുവരി 30, 31, ഫെ. 1 തീയതികളിൽ നടന്നു. അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനവും സ്മരണികയുടെ പ്രകാശനവും നടത്തി. എഴുത്തുകാർ നൊസ്റ്റാൾജിയ കൈവെടിഞ്ഞ് അവർ ജീവിക്കുന്ന സമൂഹത്തിലെ പ്രശ്നങ്ങൾ എഴുതണമെന്ന് ഡോ. എം.എം. ബഷീർ പറഞ്ഞു. അക്ബർ കക്കട്ടിൽ തുടർന്ന് സംസാരിച്ചു. മാധ്യമ ചർച്ചയിൽ "മാധ്യമങ്ങളും വർത്തമാനകാല പ്രതിസന്ധികളും എന്ന വിഷയത്തിൽ ഏഷ്യാനെറ്റ് പ്രസി. കെ.പി. മോഹൻ, മനോരമയുടെ ജോണി ലൂക്കോസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ജോർജ്ജ് ഓണക്കൂറായിരുന്നു കൺവൻഷന്റെ മുഖ്യ ആസൂത്രകൻ. കാവ്യസംഗമത്തിന്റെ മോഡറേറ്റർ ഹിന്ദു പത്രത്തിന്റെ സ്പെഷ്യൽ കറസ്പോണ്ടന്റ് ഗൗരീദാസൻ ആയിരുന്നു. കവിതാസംഗമത്തിന്റെ സമാപനത്തിൽ ഒ.എൻ.വി. കുറുപ്പ് അമേരിക്കൻ മലയാളിയുടെ ഭാഷാസ്നേഹത്തെ പ്രശംസിച്ച് സംസാരിച്ചു. മലയാള ഭാഷയിലെ ക്ലാസ്സിക്കുകൾ ഇംഗ്ളീഷിലേക്ക് പരിഭാഷ ചെയ്യാൻ ലാന മുൻകൈ എടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

2005 ലാനയുടെ ദേശീയ സമ്മേളനം മർച്ച് 11,12,13 തീയതികളിൽ ഡാലസിലെ Best Western Lake View Inn-ൽ നടത്തപ്പെട്ടു. എബ്രഹാം തെക്കേമുറിയായിരുന്നു കൺവീനർ. പുതിയ സാരഥികൾ: പ്രസിഡന്റ്-എബ്രഹാം തോമസ്, സെക്രട്ടറി--അബ്ദുൾ പുന്നയൂർക്കുളം, ട്രഷറർ--എബ്രഹാം തെക്കേമുറി, വൈസ്പ്രസിഡന്റ്--അശോകൻ വേങ്ങശേരി, വാസുദേവ് പുളിക്കൽ, ജോ. സെക്ര.--പീറ്റർ നീണ്ടൂർ, പ്രേമ ആന്റണി, കമ്മറ്റി മെംബേഴ്സ്--ജെ. മാത്യൂസ്, ജോൺ മാത്യു സി.എം.സി, പ്രിൻസ് മർക്കോസ്. എം.വി. പിള്ളയായിരുന്നു മുഖ്യാതിഥി. ചാക്കോ ശങ്കരത്തിലിന്റെ നിര്യാണം നടന്നത് ഈ യോഗം നടന്നപ്പോഴാണ്. അദ്ദേഹം യോഗത്തിൽ പങ്കെടുക്കാൻ വന്നിരുന്നില്ല. അടിയന്തിര യോഗം ചേർന്ന് ലാന അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

2006 ഒക്ടോബർ 13, 14, 15 തീയതികളിൽ ഫിലഡല്ഫിയയിലെ ബെൻസാലം ഹോളിഡേ ഇന്നിൽ പ്രാദേശിക സമ്മേളനം, ചാക്കോ ശങ്കരത്തിൽ അനുസ്മരണ സമ്മേളനം എന്നിവ അരങ്ങേറി. നീന പനയ്ക്കലും അശോകൻ വേങ്ങശേരിയുമായിരുന്നു കൺവൻഷൻ ചെയർ പേഴ്സൻസ്. കോഴിക്കോട് സർവ്വകലാശാല പ്രൊഫസറും എഴുത്തുകാരനുമായ എം.എൻ. കാരശേരിയായിരുന്നു മുഖ്യാതിഥി. ജോയൻ കുമരകം എൻ. മോഹനന്റെ കഥാപ്രപഞ്ചം എന്ന വിഷയത്തെപ്പറ്റി പ്രസംഗിച്ചു. കവിയരങ്ങിൽ പ്രൊഫ. കോശി തലയ്ക്കൽ, അബ്ദുൾ പുന്നയൂർക്കുളം, പീറ്റർ നീണ്ടൂർ, സന്തോഷ് പാലാ, ജേക്കബ് തോമസ്, രാജു തോമസ്, ജോർജ്ജ് നടവയൽ, ജോസഫ് നമ്പിമഠം, ദേവരാജ് കാരാവള്ളി, തമ്പി ആന്റണി, ഡോ. നന്ദകുമാർ തുടങ്ങി ധാരാളം പേർ കവിതകൾ അവതരിപ്പിച്ചു. കഥാചർച്ചയിൽ നീന പനക്കൽ, നിർമ്മല തോമസ്



എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സി.എം.സി, ജോൺ മാത്യു മനോഹർ തോമസ്, റീനി മമ്പലം, സാംസി കൊടുമൺ തുടങ്ങിയവർ കഥകൾ അവതരിപ്പിച്ചു. ജെ. മാത്യൂസ്--ഭാഷാപഠനത്തിന്റെ പ്രസക്തി, വാസുദേവ് പുളിക്കൽ--എഴുത്തുകാരുടേയും വായനക്കാരുടേയും പങ്ക്, ജോസഫ് നമ്പിമഠം--മാധ്യമങ്ങളുടെ സ്വാധീനം എന്നീ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ചാക്കൊ ശങ്കരത്തിൽ അനുസ്മരണ യോഗത്തിൽ എം.എൻ. കാരശേരി, ഡോ. എം.വി. പിള്ള, റേച്ചൽ ശങ്കരത്തിൽ എന്നിവർ വിളക്കു തെളിക്കുകയും ധാരാളം പേർ ലാനയെയും മറ്റു സംഘടനകളെയും പ്രതിനിധീകരിച്ച് അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. ശങ്കരത്തിലിന്റെ അവസാനകൃതി "കിരണങ്ങൾ"(അനുസ്മരണങ്ങൾ കൂട്ടിച്ചേർത്തത്) പ്രകാശനം ചെയ്തു. പ്രൊഫ. കോശി തലയ്ക്കലിന്റെ "കാലാന്തരം", എബ്രഹാം തോമസിന്റെ "ഈ ലോകം ഈ ഗ്രാമം", ദേവരാജന്റെ "കേദാരമാനസം"(CD) എന്നിവ പ്രകാശനം ചെയ്തു. കലാപരിപാടികൾ തമ്പി ആന്റണി ഉദ്ഘാടനം ചെയ്തു. രാജു മൈലപ്ര, ജോൺ ഇളമത, എം.വി. പിള്ള എന്നിവർ നർമ്മവേളയ്ക്ക് നേതൃത്വം നല്കി. അടുത്ത സമ്മേളനം ന്യൂയോർക്കിൽ നടത്താൻ തീരുമാനിച്ചു. ശങ്കരത്തിലിന്റെ കബറിടത്തിൽ ലാന പ്രവർത്തകർ പ്രാർത്ഥനയും നടത്തി.

2007 പത്തുവർഷം പിന്നിട്ട ലാനയുടെ വാർഷികവും സാഹിത്യശിബിരവും ന്യൂയോർക്കിലെ കേരള സെന്ററിൽ ജൂൺ 1, 2, 3 തീയതികളിൽ നടത്തി. പീറ്റർ നീണ്ടൂർ കൺവൻഷൻ ചെയർമാനായിരുന്നു. ഉള്ളൂർ നഗർ എന്ന് പേരിട്ട കൺവെൻഷൻ നഗരിയിലെ മുഖ്യാതിഥി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളെജ് മലയാളവിഭാഗം തലവൻ പ്രൊഫ. മാത്യു പ്രാൽ ആയിരുന്നു. ലാനയുടെ മുൻസാരഥികളെ സ്റ്റേജിൽ വിളിച്ച് ആദരിക്കുകയും ചെയ്തു. മലയാളനാടകചർച്ചയിൽ ആ പ്രസ്ഥാനത്തിന്റെ ആരംഭം, പരിണാമം എന്നതിനെപ്പറ്റി ഡോ. പി.സി. നായർ പ്രബന്ധം അവതരിപ്പിച്ചു. കവിയരങ്ങിൽ സന്തോഷ് പാലാ, ജയൻ കെ.സി., ജേക്കബ് തോമസ്, എൽസി ശങ്കരത്തിൽ, ത്രേസ്യാമ്മ നാടവള്ളി, പീറ്റർ നീണ്ടൂർ തുടങ്ങിയവർ കവിതകൾ പാരായണം ചെയ്തു. കവിതയിലെ സംഗീതം എന്ന വിഷയത്തിൽ പ്രൊഫ. കോശി തലയ്ക്കൽ, പ്രൊഫ. മാത്യു പ്രാൽ എന്നിവർ പ്രഭാഷണം നടത്തി. നോവൽ ചർച്ചയിൽ എബ്രഹാം തെക്കേമുറി പ്രബന്ധം അവതരിപ്പിച്ചു. ചെറുകഥാചർച്ചയിൽ "രചനകളിലെ തന്ത്രങ്ങൾ" എന്ന പ്രബന്ധം ജോൺ മാത്യു അവതരിപ്പിച്ചു. റീനി മമ്പലം, സാംസി കൊടുമൺ, സി.എം.സി, എം.ടി. ആന്റണി എന്നിവർ കഥാചർച്ചയ്ക്ക് നേതൃത്വം നല്കി.

എഴുത്തുകാരും മാധ്യമപ്രവർത്തകരും രണ്ടു പാനലായി ഇരുന്നു നടത്തിയ സംവാദം പുതുമയുള്ളതായിരുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരുടെ പൊതുപ്രശ്നങ്ങളും, ഭൂതകാലത്തിന്റെ വീഴ്ചകളും വർത്തമാനകാലത്തിന്റെ മാറ്റങ്ങളും വിലയിരുത്തി. ലാനയുടെ അംഗങ്ങളെ കൂടാതെ മാധ്യമപ്രവർത്തകാരായെ ജോസ് കാടാപുറം, ജോസ് തയ്യിൽ, ജോയി ലൂക്കോസ്, ജെ. മാത്യൂസ്, തോമസ് മുളയ്ക്കൽ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ഹാസ്യസാഹിത്യ ചർച്ചയിൽ പ്രിൻസ് മർക്കോസ് പ്രബന്ധം അവതരിപ്പിച്ചു.

പുതിയ സാരഥികൾ ഈ യോഗത്തിൽ വച്ച് തീരുമാനിക്കപ്പെട്ടു. പ്രസി.--പീറ്റർ നീണ്ടൂർ, സെക്ര.--എബ്രഹാം തെക്കേമുറി, ട്രഷ.--ജോൺ മാത്യു വൈസ് പ്രസി.--വാസുദേവ് പുളിക്കൽ, അബ്ദുൾ പുന്നയൂർക്കുളം, അശോകൻ വേങ്ങശേരി, ജോ. സെക്രട്ടറിമാർ-- സാംസി കൊടുമൺ, ദേവരാജ്, കമ്മറ്റിയംഗങ്ങൾ--ജെ മാത്യൂസ്, പ്രിൻസ് മർക്കോസ്, ഡോ. പി.സി. നായർ, നീന പനയ്ക്കൽ, റീനി മമ്പലം, ജോർജ്ജ് മണ്ണിക്കരോട്ട്, ജോസൻ ജോർജ്ജ്, മോഹൻ പരുവക്കാട്, തമ്പി ആന്റണി.

ലാനയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ഭരണസമിതിക്ക് രൂപം കൊടുത്തു. മുൻപ്രസിഡന്റുമാരായ എം.എസ്.ടി. നമ്പൂതിരി, ജോസഫ് നമ്പിമഠം, മനോഹർ തോമസ്, ജോൺ ഇളമത, എബ്രഹാം തോമസ് എന്നിവരെ ഭരണസമിതി അംഗങ്ങളാക്കി. ലാനയുടെ പാരമ്പര്യം നിലനിർത്താനും കൂടുതൽ ശക്തിനല്കാനും ഇത് സഹായകമായി. കൈരളി പത്രത്തിന്റെ സാരഥി